പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **4222** 17.05.2017-ൽ മറുപടിക്ക്

## ട്രാക്ടർ മറിഞ്ഞ് മരണമടഞ്ഞ ശ്രീ. പുല്ലേലി ജോസഫിന്റെ കുടുംബത്തിന് ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) അതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ തവളക്കുഴിപ്പാറ പട്ടികവർഗ്ഗ കോളനിയിൽ അഗ്രോ സർവ്വീസ് സെന്റർ മുഖേന തരിശുനിലം നെൽകൃഷിക്ക് ഒരുക്കുന്നതിനിടെ ട്രാക്ടർ മറിഞ്ഞ് അപകട മരണമടഞ്ഞ, അഗ്രോ സർവ്വീസ് സെന്ററിലെ കർമ്മസമിതി അംഗമായ ശ്രീ. പുല്ലേലി ജോസഫിന്റെ കുടുംബത്തിന് ധനസഹായം ലഭിക്കുന്നതിനായി ബഹു. കൃഷി വകുപ്പ് മന്ത്രി മുഖേന സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ ;<br><br>(ബി) ഇല്ലെങ്കിൽ ധനസഹായം അനുവദിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ ? | (എ) & (ബി) ശ്രീ. പുല്ലേലി ജോസഫിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല. ധനസഹായത്തിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.